**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2939** **25-06-2024 - ൽ മറുപടിയ്ക്ക്**

**വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ നീർനായ്ക്കളുടെ ആക്രമണം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ ചാലിയാർ പുഴയുടെ സമീപത്തുള്ള വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ നീർനായ്ക്കളുടെ കടിയേറ്റ് ഒട്ടേറെ പേർക്ക് പരിക്കേൽക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | നീർനായയുടെ കടിയേറ്റ് അപകടങ്ങളുണ്ടാകുന്നത് ഒഴിവാക്കുന്നതിന് ഈ മേഖലകളിൽ ആർ.ആർ.ടി യുടെ സഹായത്തോടെ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. നാട്ടുകാർ പുഴയിലേക്കിറങ്ങുന്ന പൂങ്കുടി, ചീക്കോട്, എടശ്ശേരിക്കടവ്, ആലിക്കൽ എന്നീ കടവുകളിൽ അത്യപൂർവ്വയിനത്തിൽ പെട്ടവയുൾപ്പെടെയുള്ള ജലജീവികൾക്ക് അപകടമുണ്ടാകാത്ത തരത്തിൽ രൂപകല്പന ചെയ്ത ഇരുമ്പ് നെറ്റ് വേലി കെട്ടി ആളുകളെ നീർനായ കടിക്കാത്ത വിധത്തിലുള്ള സജ്ജീകരണം ഏർപ്പെടുത്തുന്നതിനും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | വനം വകുപ്പ് അധികൃതർ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് ഇവയെ തുരത്താൻ ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നീർനായ പോലുള്ള വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ സംരക്ഷണത്തിനുള്ള നടപടികളും അവ മൂലമുണ്ടാകുന്ന സംഘർഷ സാധ്യതകൾ ലഘൂകരിക്കുന്നതിനുമുള്ള ശാസ്ത്രീയമായ പരിഹാര മാർഗ്ഗങ്ങളും ആയതുമായി ബന്ധപ്പെട്ട വിദഗ്ധരുമായി ആലോചിച്ച് സ്ഥല പരിശോധന നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ